കുറ്റിപ്പുറം-കോഴിക്കോട് പാതയുടെ പണി 2004 മാർച്ചിലും കോഴിക്കോട്-മംഗലാപുരം പാതയുടെ പണി 2002 മാർച്ചിലും പൂർത്തിയാക്കാമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) എറണാകുളത്തുനിന്നും ആലപ്പുഴ വഴിയും കോട്ടയം വഴിയും കായംകുളത്തേയ്ക്കുള്ള പാതകൾ ഇരട്ടിപ്പിക്കുന്നതിനായുള്ള റെക്കൈനൻസ് എഞ്ചിനീയറിംഗ് കം ട്രാഫിക് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി മാറ്റി വെച്ചതായി റെയിൽവേ ബോർഡ്, 28.2.2000-ൽ ദക്ഷിണ റെയിൽവേയെ അറിയിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

കൊപ്രയ്ക്ക് താങ്ങുവില

7 (*67) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷൻ കൊപ്രയ്ക്ക് താങ്ങുവില ഏർപ്പെടുത്തേണ്ടതില്ലെന്ന് പ്രഖ്യാപിച്ചിരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഇ) ഇതിൽ ഏതെല്ലാം ഇനങ്ങൾക്ക് ഇതിനകം താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) കൊപ്രയുടെ താങ്ങുവില എത്രയായി പ്രഖ്യാപിക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. മില്ലിംഗ് കൊപ്ര കിന്റലിന് 3250 രൂപയും ഉണ്ട കൊപ്രായ്ക്ക് 3500 രൂപയും താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി)&(ഇ) കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന്റെ അധികാര പരിധിയിലും പരിഗണനയിലുമായി 20-ൽ പരം വിളകളുണ്ട്. ഇതിൽ കേരളത്തിന്റെ നെല്ലും കൊപ്രയും മാത്രമേ കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നുള്ളൂ. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ കാർഷിക ഉൽപ്പന്നങ്ങളും കാർഷിക വില നിർണ്ണയ കമ്മീഷന്റെ അധികാര പരിധിയിൽ കൊണ്ടുവരണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. നെല്ലിനും കൊപ്രയ്ക്കുമാണ് തുടർച്ചയായി താങ്ങുവില പ്രഖ്യാപിച്ചുവരുന്നത്.

(എഫ്) മില്ലിംഗ് കൊപ്രയ്ക്ക് കിന്റലിന് 4600 രൂപയും ഉണ്ട കൊപ്രയ്ക്ക് കിന്റലിന് 4800 രൂപയും ആണ് 2001 സീസണിലേയ്ക്ക് കേരള സർക്കാർ ആവശ്യപ്പെട്ടത്.

ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

8 (*68) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി.കെ. കുമാരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തീർത്ഥാടകർക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് പമ്പ, എരുമേലി, സന്നിധാനം എന്നീ സ്ഥലങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ;

(സി) മലിനീകരണം തടയുന്നതിനുവേണ്ടി സന്നിധാനം, പമ്പ, എരുമേലി എന്നീ സ്ഥലങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) മലിനീകരണ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി കുളനട, ആറൻമുള, അയിരൂർ പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ദേവസ്വംബോർഡും സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സംയുക്തമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ശബരിമല സീസൺ തുടങ്ങുന്നതിനു വളരെ മുൻപു തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങൾ വിവിധ വകുപ്പുകൾ ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറിയെ ശബരിമല ഉൽസവങ്ങളുടെ ചീഫ് കോ-ഓർഡിനേറ്ററായി നിയമിക്കുകയുണ്ടായി. ദേവസ്വംവകുപ്പുമന്ത്രിയും ചീഫ് കോ-ഓർഡിനേറ്ററും യോഗങ്ങൾ വിളിച്ചുകൂട്ടുകയും വിവിധ വകുപ്പുകൾ ചെയ്യേണ്ടതായ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വംബോർഡ് പാണ്ടിത്താവളത്ത് 200-ഉം പമ്പയിൽ 100-ഉം പുതിയ കക്കൂസുകൾ നിർമ്മിച്ചു. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ 320 കെ.വി. ജനറേറ്ററുകൾ സ്ഥാപിച്ചു. വൈദ്യുതി തടസ്സം ഉണ്ടായാൽ വൈദ്യുതിവിതരണം നടത്തുന്നതിനായി ജനറേറ്ററുകൾ സ്ഥാപിച്ചു. അപ്പാച്ചിമേട് നടപ്പാത കോൺക്രീറ്റ് ചെയ്ത് റെയിലിംഗുകൾ സ്ഥാപിച്ചു. കൂടുതൽ ശുദ്ധജലം ശേഖരിക്കുന്നതിനായി 20 ലക്ഷം ലിറ്റർ വീതം സംഭരണ

LIBRARY ARCHIVES Kerala Legislative Assembly